**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 729** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പാറശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ ഗോത്രവർഗ്ഗ ഉന്നതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പാറശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടിലധികം വരുന്ന ഗോത്രവർഗ്ഗ ഉന്നതികൾ ഉൾപ്പെടുന്ന ജനവാസ മേഖലകൾ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളുടെ വിശദാംശങ്ങൾ, ഉന്നതിയുടെ പേര്, അവിടെയുള്ള കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ, ഗോത്രവർഗ്ഗ വിഭാഗം എന്നിവ തരം തിരിച്ച് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.**

**(ബി)** പ്രസ്തുത ഗോത്രവർഗ്ഗ ജനവാസ മേഖലകളെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും ബന്ധപ്പെട്ട മറ്റ് അധികാരസ്ഥാപനങ്ങൾക്കും നിവേദനങ്ങൾ/ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല

**(സി)** പ്രസ്തുത ജനവാസ മേഖലകൾ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതു മൂലം അവിടുത്തെ ഗോത്രവർഗ്ഗ ജനങ്ങളുടെ താമസം, ഭവനനിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, ഉപജീവനമാർഗ്ഗങ്ങൾ, കൃഷി തുടങ്ങിയവയെ ബാധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല

**(ഡി)** അമ്പൂരി ഗ്രാമപഞ്ചായത്തിലെ പ്രസ്തുത ഗോത്രവർഗ്ഗ ഉന്നതികളുടെ സമഗ്ര വികസനത്തിനും നവീകരണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് ഉന്നതിയുടെ പേര് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി റോഡ്, കുടിവെള്ളം, വൈദ്യുതി, ഭവനം, ഡ്രെയിനേജ്, കമ്മ്യൂണിറ്റി ഹാൾ, അങ്കണവാടി,

വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, പൊതുസൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

<u>**മറുപടി:**</u> അമ്പൂരി ഗ്രാമപഞ്ചായത്തിലെ ഗോത്രവർഗ്ഗ ഉന്നതികളുടെ സമഗ്രവികസനത്തിനായി നിലവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പുരവിമല അംബേദ്ക്കർ സെറ്റിൽമെൻ്റ് സമഗ്രവികസന പദ്ധതി
2. ചാക്കപ്പാറ തീണ്ടാക്കടവ് കോൺക്രീറ്റ് റോഡ് നിർമ്മാണം.
3. ആഞ്ഞിലിമൂട് പുളിഞ്ചയിൽ ഇൻ്റർലോക്ക് & കോൺക്രീറ്റ് റോഡ്
4. ആഞ്ഞിലിമൂട് കൊട്ടുപാറ ഇൻ്റർലോക്ക് & കോൺക്രീറ്റ് റോഡ്
5. പീയണിപ്പാറ കണ്ണമാംമൂട് റോഡ് നിർമ്മാണം

**(ഇ)** ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച തീയതി, നിർവ്വഹണ ഏജൻസി, നിലവിലെ പ്രവൃത്തി പുരോഗതി, ചെലവഴിച്ച തുക എന്നിവ ഉന്നതിയും പ്രവൃത്തിയും തിരിച്ച് വിശദമായി ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ആരംഭിക്കുന്നതിനുള്ള കാലപരിധി എന്താണെന്നും വ്യക്തമാക്കുമോ; പൂർത്തീകരണം പുരോഗമിക്കുന്ന പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണതീയതി ഓരോന്നിനും പ്രത്യേകം അറിയിക്കുമോ;

<u>**മറുപടി:**</u> <u>**1.പുരവിമല അംബേദ്ക്കർ സെറ്റിൽമെൻ്റ് സമഗ്രവികസന പദ്ധതി**</u>

ഭരണാനുമതി തീയതി: 01.11.2025

നിർവ്വഹണ ഏജൻസി: അമ്പൂരി ഗ്രാമപഞ്ചായത്ത്

<u>പദ്ധതി ഘടകങ്ങൾ.</u>

a. പുരവിമല-വള്ളക്കടവ് റോഡ് ഇൻ്റർലോക്ക് & കോൺക്രീറ്റ് - 47,65,000/-രൂപ

b. പുരവിമല-പേടിക്കല്ല് റോഡ് ഇൻ്റർലോക്ക് & കോൺക്രീറ്റ് - 18,97,000/-രൂപ

c. പുരവിമല-മഹാഗണിക്കാട്-മായമല റോഡ് ഇൻ്റർലോക്ക് & കോൺക്രീറ്റ് - 8,76,000/-രൂപ

d. പുരവിമല-മുണ്ടൻകല്ല് റോഡ് ഇൻ്റർലോക്ക് & കോൺക്രീറ്റ് - 7,32,000/-രൂപ

e. ഗവ.ട്രൈബൽ എൽ.പി.എസ് പുരവിമല സ്കൂൾ ഓപ്പൺ സ്റ്റേജ് & ക്ലാസ് റൂം നിർമ്മാണം - 17,30,000/-രൂപ

<u>**2. ചാക്കപ്പാറ തീണ്ടാക്കടവ് കോൺക്രീറ്റ് റോഡ് നിർമ്മാണം**</u>

ഭരണാനുമതി തീയതി: 13.03.2026

തുക: 3,90,000/-രൂപ

നിർവ്വഹണ ഏജൻസി: പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

<u>**3. ആഞ്ഞിലിമൂട് പുളിഞ്ചയിൽ ഇൻ്റർലോക്ക് & കോൺക്രീറ്റ് റോഡ്**</u>

ഭരണാനുമതി തീയതി: 15.03.2026

തുക: 3,17,000/-രൂപ

നിർവ്വഹണ ഏജൻസി: പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

**<u>4. ആഞ്ഞിലിമൂട് കൊട്ടുപാറ ഇൻ്റർലോക്ക് & കോൺക്രീറ്റ് റോഡ്</u>**

ഭരണാനുമതി തീയതി: 15.03.2026

തുക: 16,60,000/-രൂപ

നിർവ്വഹണ ഏജൻസി: പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

**<u>5. പീയണിപ്പാറ കണ്ണമാംമൂട് റോഡ് നിർമ്മാണം</u>**

ഭരണാനുമതി തീയതി: 14.03.2026

തുക: 50,00,000/-രൂപ

നിർവ്വഹണ ഏജൻസി: പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

കരാർ കാലാവധി: ആറ് മാസമാണ്. (2) മുതൽ (5) വരെയുള്ള പ്രവൃത്തികളുടെ കരാർ 24.09.2026 ന് ഒപ്പുവെച്ചു.

പുരവിമല അംബേദ്കർ സെറ്റിൽമെൻ്റ് സമഗ്രവികസന പദ്ധതിയുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

- പുരവിമല-വള്ളക്കടവ് റോഡ് ഇൻ്റർലോക്ക് ആൻ്റ് കോൺക്രീറ്റ് എന്ന പ്രവർത്തിയുടെ 100 മീറ്റർ ഇൻ്റർലോക്ക് ചെയ്തു കഴിഞ്ഞു.
- പുരവിമല ഗവ. ട്രൈബൽ എൽ.പി.എസ് ഓപ്പൺ സ്റ്റേജ് ആൻ്റ് ക്ലാസ് റൂം നിർമ്മാണം പുരോഗമിക്കുന്നു.
- പുരവിമല മുണ്ടൻകല്ല് റോഡിൻ്റെ പ്രവർത്തി പൂർത്തീകരിച്ചു.
- പുരവിമല മഹാഗണിക്കാട് റോഡ് പ്രവർത്തികൾ പുരോഗമിച്ചുവരുന്നു; നിലവിൽ ഇൻ്റർലോക്ക് പ്രവർത്തികൾ നടക്കുന്നു.
- പുരവിമല പേടിക്കല്ല് റോഡ്, പുരവിമല വള്ളക്കടവ് റോഡ് എന്നീ പ്രവർത്തികൾ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്.

**(എഫ്)** പ്രസ്തുത ഗോത്രവർഗ്ഗ ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കു പുറമെ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവശ്യമായ അധിക തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; കൂടാതെ പരിസ്ഥിതിലോല പ്രദേശ പട്ടികയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനും അവിടുത്തെ ഗോത്രവർഗ്ഗ ജനങ്ങളുടെ ജീവിതവും ഉപജീവനവും സംരക്ഷിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**അമ്പൂരി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ഉന്നതികളുടെ വിശദാംശംങ്ങൾ.**

| ക്രമ നം. | ഉന്നതിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ | ഗോത്ര വിഭാഗം |
|---|---|---|---|---|
| 1 | ചാക്കപ്പാറ | 87 | 278 | കാണിക്കാർ |
| 2 | കൈപ്പൻപ്ലാവിള | 20 | 55 | കാണിക്കാർ |
| 3 | അയ്യവിളാകം | 29 | 92 | കാണിക്കാർ |
| 4 | കാരിക്കുഴി | 40 | 167 | കാണിക്കാർ |
| 5 | ശംഖിൻകോണം | 23 | 76 | കാണിക്കാർ |
| 6 | കുന്നത്തുമല | 38 | 112 | കാണിക്കാർ |
| 7 | കള്ളുകാട് | 6 | 22 | കാണിക്കാർ |
| 8 | പുരവിമല | 88 | 280 | കാണിക്കാർ |
| 9 | തെന്മല | 63 | 195 | കാണിക്കാർ |
| 10 | കണ്ണമാംമൂട് | 17 | 40 | കാണിക്കാർ |
| 11 | കൊമ്പെ | 9 | 29 | കാണിക്കാർ |
| 12 | ഞവരക്കാട് | 69 | 259 | ഊരാളി, മലയരയർ, കാണിക്കാർ |
| **ആകെ** | | **489** | **1605** | |